ചാസ് ബുള്ളറ്റിൻ

# ഒരുമ


ഒക്ടോബർ 2021 - മാർച്ച് 2022

ലക്കം : 59
വാല്യം : 24






## കുടുംബ ബജറ്റും ഭദ്രതയും

ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ

# അന്താരാഷ്ട്ര വനിതാദിനാചരണം



എടത്വാ, ചമ്പക്കുളം, പുളിംകുന്ന് മേഖലകൾ



കുടമാളൂർ മേഖല



അതിരമ്പുഴ മേഖല



കോട്ടയം മേഖല



നെടുംകുന്നം, മണിമല മേഖലകൾ



ആലപ്പുഴ മേഖല

# ചാസ് ഖാദി എക്സ്പോ - 2022









# ഒരുമ
## ചാസ് ബുള്ളറ്റിൻ

ചങ്ങനാശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ മുഖപത്രം




ലക്കം 59 | വാല്യം 24
2021 ഒക്ടോബർ - മാർച്ച് 2022
പേജ് : 64

## ഉള്ളടക്കം


| | |
|---|---|
| 02 | മുഖമൊഴി |
| 04 | കുടുംബ ബജറ്റും ഭദ്രതയും |
| 10 | ഹരിത സമൃദ്ധി 2020-22 |
| 14 | തണൽ |
| 21 | കേന്ദ്ര വാർത്തകൾ |
| 28 | ആശാകിരണം |
| 31 | ചാസ് പ്രോജക്ട് വാർത്തകൾ |
| 48 | മേഖലാ വാർത്തകൾ |
| 57 | പരിശീലന പരിപാടികൾ |
| 60 | SLCA Kerala |



## Editorial Board

*രക്ഷാധികാരി*
**മാർ ജോസഫ് പെരുന്തോട്ടം**

*മാനേജിംഗ് എഡിറ്റർ*
**ഫാ. തോമസ് കുളത്തുങ്കൽ**


*ചീഫ് എഡിറ്റർ*
**ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ**

*എക്സിക്യൂട്ടീവ് എഡിറ്റർ*
**ശ്രീ. ജോബി മാത്യു**

*അസോസിയേറ്റ് എഡിറ്റേഴ്സ്*
**ശ്രീ. ബിനു ജോസഫ്**
**ശ്രീമതി ബിന്ദു സിബി**


ലേ ഔട്ട് & പ്രിന്റിംഗ്
**സെന്റ് ജോസഫ്സ് ഓർഫനേജ് പ്രസ്** ചങ്ങനാശേരി
ഫോൺ: 0481-2410101

**CHANGANACHERRY SOCIAL SERVICE SOCIETY (CHASS)**
P. B. No. 20, Changanacherry, Kottayam, Kerala,
India-686 101, Tel.: 0481-2402345, 2402735, 8138088730
E-mail: chass1966@gmail.com, chass1966@rediffmail.com, web:www.chasschry.org







# മുഖമൊഴി

***സുഹൃത്തുക്കളേ,***

കോവിഡിനെത്തുടർന്നു സംജാതമായ സാമ്പത്തിക മാന്ദ്യം ലോകമെമ്പാടും പ്രതിസന്ധികൾ തീർക്കുന്ന ഈ സാഹചര്യത്തിൽ കൂനിന്മേൽ കുരു എന്ന പോലെ അതിരൂക്ഷമായ വിലക്കയറ്റത്തിനും കൂടി നാം ഇരകളായിത്തീർന്നിരിക്കുന്നു. കേന്ദ്രസംസ്ഥാന സർക്കാരുകളുടെ വികലമായ നയങ്ങളും കോർപ്പറേറ്റുകളേയും സർക്കാർ ജീവനക്കാരേയും മാത്രം സംരക്ഷിക്കുവാനുതകുന്ന നിയമവ്യവസ്ഥകളും സാധാരണക്കാരന്റെ നട്ടെല്ലൊടിക്കുന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ എത്തിച്ചിരിക്കുന്നു. ആയതിനാൽ സ്വയം പ്രേരിതരായി സാമ്പത്തിക സ്വാശ്രയത്വം കൈവരിക്കുവാൻ നാം ബോധപൂർവ്വം പരിശ്രമിക്കേണ്ടതാണ്. ഇന്ന്, സോഷ്യൽ മീഡിയാകളും കോർപ്പറേറ്റുകളുമാണ് നമ്മുടെ ജീവിതത്തെ പ്രത്യേകിച്ച് യുവതലമുറയെ നിയന്ത്രിക്കുന്നത്. എന്തിനും ഏതിനും റെഡിമെയ്ഡ് പരിഹാരം കണ്ടെത്തുന്ന യുവതലമുറ ഭക്ഷണകാര്യത്തിൽ പോലും കുടുംബാന്തരീക്ഷത്തിൽ നിന്നും അകന്ന് പോകുന്നു. നമ്മുടെ കൊച്ചു കേരളത്തിലെ ഹോട്ടലുകളും തട്ടുകടകളും ഉൾപ്പെടെ ഇതര ഭക്ഷണശാലകളിലും അനിയന്ത്രിതമായ തിരക്കാണ് അനുഭവപ്പെടുന്നത്. ഇത് കണ്ടാൽ നമ്മുടെ അടുക്കളകളിൽ ഭക്ഷണം പാചകം ചെയ്യുന്ന പ്രവണത ഇല്ലെന്നുതന്നെ തോന്നിപ്പോകും. ഹോട്ടലു

കളിൽ നിന്നുള്ള ആഹാരങ്ങൾ രുചികരമാണെങ്കിലും അതിന്റെ തുടർച്ചയായിട്ടുള്ള ഉപയോഗം രോഗങ്ങൾക്ക് കാരണമായിത്തീരും. പണം കൊടുത്ത് മരണം ഇരന്നു വാങ്ങുന്ന ഈ അവസ്ഥയ്ക്ക് മാറ്റം വരണം. പുറമെ നിന്നുള്ള ആഹാരത്തിനായി ഒരാൾ മുടക്കുന്ന പണം കൊണ്ട് സ്വന്തം വീട്ടിൽ പാചകം ചെയ്താൽ ഒരു കുടുംബത്തിലെ അഞ്ച് അംഗങ്ങൾക്ക് സുഭിക്ഷമായി ഭക്ഷിക്കുവാൻ സാധിക്കും. ഇവിടെയാണ് കുടുംബ ബജറ്റിന് പ്രാധാന്യമേറുന്നത്. വരവനുസരിച്ച് ചെലവഴിക്കാനും ചെലവുകൾക്ക് മുൻഗണന നൽകി പരിധി നിശ്ചയിച്ച് ചെലവഴിക്കുവാനും നാം തയ്യാറാകണം. ഒപ്പം ഒഴിവാക്കാനാവാത്ത ചെലവുകൾക്കായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുകയും വേണം.

ഇത്തരം ഒരു സാഹചര്യത്തിലാണ് ചാസിന്റെ മൈക്രോ ക്രെഡിറ്റ് പ്രോഗ്രാമിന്റെ പ്രസക്തിയേറുന്നത്. മിതവ്യയം ശീലിച്ച് വരുമാനവർദ്ധക പദ്ധതികൾക്കായി അവ വിനിയോഗിച്ച് സാമ്പത്തിക ഭദ്രത കൈവരിക്കുവാൻ നമ്മുടെ കുടുംബങ്ങളെ പ്രാപ്തമാക്കുന്ന പദ്ധതിയായ ചാസിന്റെ സ്വാശ്രയസംഘങ്ങളും, മൈക്രോ ക്രെഡിറ്റ് പ്രോഗ്രാമും മറ്റു പ്രവർത്തനങ്ങളും ഉണർന്നു പ്രവർത്തിക്കേണ്ട സമയമാണിത്. കുടുംബ ബജറ്റ് തയ്യാറാക്കുന്നതിനെക്കുറിച്ച് നമ്മുടെ കുടുംബങ്ങൾക്ക് അവബോധം നൽകുവാനും അനാവശ്യ ചെലവുകൾ ഒഴിവാക്കി പരിമിതമായ വരുമാനം ഫലപ്രദമായി വിനിയോഗിക്കുവാനും അതുവഴി സാമ്പത്തിക സുരക്ഷ കൈവരിക്കുവാനും അവരെ ഒരുക്കണം. പരിസ്ഥിതിക്ക് ഇണങ്ങിയ ആരോഗ്യകരമായ ജീവിതശൈലി അവലംബിച്ചും ദുർച്ചെലവുകളും പാഴ്ച്ചെലവുകളും നിയന്ത്രിച്ചും പുത്തൻ വരുമാന സ്രോതസ്സുകൾ കണ്ടെത്തിയും ഈ പ്രതിസന്ധിയെ നമുക്ക് മറികടക്കാം. ഭക്ഷ്യ-ആരോഗ്യ-സാമ്പത്തിക സുരക്ഷ എന്ന മുദ്രാവാക്യം മുൻനിർത്തി ചാസിന്റെ പ്രവർത്തന മേഖലയിൽ സജീവ സാന്നിദ്ധ്യമായിത്തീരുവാൻ ഏവരെയും സ്നേഹപൂർവ്വം സാദരം ക്ഷണിക്കുന്നു.

*സ്നേഹപൂർവ്വം,*

**ഫാ. തോമസ് കുളത്തുങ്കൽ**
*ഡയറക്ടർ*



# കുടുംബ ബജറ്റും ഭദ്രതയും



**ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ**
*(സിനഡൽ കമ്മീഷൻ സെക്രട്ടറി ഫോർ സോഷ്യൽ അപ്പോസ്റ്റലേറ്റ്, സീറോ മലങ്കര കാത്തലിക്ക് ചർച്ച്)*

**ആമുഖം**

കുടുംബം സഭയുടെയും സമൂഹത്തിന്റയും അടിസ്ഥാന ഘടകമാണ്. പല കുടുംബങ്ങൾ ചേരുന്നതാണല്ലോ ഒരു സമൂഹം. അങ്ങനെ ഗ്രാമവും, ജില്ലയും, സംസ്ഥാനവും, രാജ്യവും, ഭൂഖണ്ഡങ്ങളും രൂപപ്പെടുന്നു. കുടുംബം എന്നത് മനുഷ്യനിർമ്മിതമായ ഒരു സ്ഥാപനമല്ല, പിന്നെയോ ദൈവത്താൽ സംസ്ഥാപിതമായ ഒരു സ്ഥാപനമാണ്. അതുകൊണ്ട് കുടുംബജീവിതം ഒരു ദൈവവിളിയായി കണ്ട് കുടുംബാംഗങ്ങൾ പരസ്പരവും ദൈവത്തോടും കടപ്പെട്ടവരായി ജീവിതം നയിക്കേണ്ടതാണ്. മനുഷ്യന്റെ ബുദ്ധിശക്തിയും, കായികശേഷിയും, സിദ്ധികളും, വിഭവങ്ങളും കുടുംബത്തിന്റെയും പൊതുസമൂഹത്തിന്റെയും ഉന്നമനത്തിനും ഭദ്രതയ്ക്കും സമർപ്പിക്കപ്പെടേണ്ടതാണ്. ഭൂമിയിൽ ഒരു മനുഷ്യനും തനിയെ ഒരു നിലനിൽപ്പില്ല. ഒരോ കുടുംബത്തിലും ഒരു സമൂഹത്തിലുമാണ് ഒരു മനുഷ്യന്റെ നിലനിൽപ്പും പ്രസക്തിയും. ആയതിനാൽ പ്രകൃതിയോടും ഇതര ജീവജാലങ്ങളോടും മറ്റു മനുഷ്യരോടും പാരസ്പര്യതയിൽ ജീവിക്കുവാൻ ഏതൊരു വ്യക്തിക്കും സാധിക്കേണ്ടതാണ്.

പരസ്പ്പരം രക്തബന്ധികളായ ഒരു കൂട്ടം ആളുകളെയാണല്ലോ നാം കുടുംബം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. അവിടെ അപ്പനും, അമ്മയും, മക്കളും, കൊച്ചുമക്കളും, വല്യപ്പനും, വല്യമ്മയുമെല്ലാം സന്തോഷത്തോടും സൗഹാർദ്ദത്തോടും സഹവർത്തിത്വത്തിൽ ജീവിക്കുന്നു. കുടുംബം കണക്ക് കൂട്ടലുകളുടെ ഒരു കണ്ണിയാണ് എന്നാൽ ഒരിക്കലും കണക്ക് പറയാൻ പാടില്ലാത്ത ഒരിടവും കുടുംബം തന്നെയാണല്ലോ. സ്ഥിരമായ വരുമാനവും ക്രമീകൃത മായ ചെലവഴിക്കലും കുടുംബഭദ്രതയ്ക്ക് അത്യന്താപേക്ഷിതമാണ്.

### കുടുംബ ബജറ്റ് കാലഘട്ടത്തിന്റെ അനിവാര്യത

ഇന്ന് ലോകം നേരിട്ടുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ ഭീക്ഷണി കുടുംബങ്ങളുടെ ശിഥിലീകരണമാണ്. വരുമാനമില്ലാ ത്തതല്ല ഇന്നത്തെ കുടുംബങ്ങളുടെ അടിസ്ഥാന പ്രശ്നം. മറിച്ച് കൃത്യമായ വരവ് ചെലവുകളെക്കുറിച്ചുള്ള ബജറ്റിങ്ങിന്റെ അഭാ വമാണ്. തന്മൂലം കുടുംബങ്ങൾ വിച്ഛേദിക്കപ്പെടുന്നു, കുട്ടികളുടെ വിദ്യാഭ്യാസം മുടങ്ങുന്നു, രോഗികളുടെ ചികിത്സ മുടങ്ങുന്നു, ക്രമസമാധാന പ്രശ്നങ്ങൾ ഉടലെടുക്കുന്നു പലപ്പോഴും ഇവ യെല്ലാം മനുഷ്യനെ ആത്മഹത്യയിൽ വരെ എത്തിക്കുന്ന ഒരു സ്ഥിതിവിശേഷം ഇന്ന് നിലനിൽക്കുന്നുണ്ട്. കുടുംബത്തിലെ വരവ് ചെലവുകളെക്കുറിച്ച് ചിന്തിക്കുമ്പോൾ ചില സംസ്ക്കാരങ്ങളിൽ പുരുഷ കേന്ദ്രീകൃതവും ചില സംസ്ക്കാരങ്ങളിൽ സ്ത്രീ കേന്ദ്രീ കൃതവുമാണ്. വിഭവങ്ങൾ ആര് കൈകാര്യം ചെയ്യുന്നു എന്നതി ലുപരിയായി വ്യക്തമായ ആസൂത്രണവും, പദ്ധതിയും പദ്ധതി നിർവ്വഹണവും അതിന്റെ ഗതിനിയന്ത്രണവും സമയ ബന്ധിതമായ വിലയിരുത്തലുകളും പരാജയമാണെങ്കിൽ അതിൽ നിന്നുള്ള പഠനവും, വിജയമാണെങ്കിൽ അതിനെ പരിപോഷിപ്പിക്കുന്നതിനുള്ള നടപടി ക്രമങ്ങളുമാണ് അത്യാവശ്യം. പങ്കാളിത്താധിഷ്ഠിതമായ ഒരു സമീപനമാണ് കുടുംബ ബജറ്റിൽ കാത്തുസൂക്ഷിക്കപ്പെടേ ണ്ടത്. കുടുംബത്തിലെ എല്ലാവരെയും ശ്രവിക്കുക, അഭിപ്രായ ങ്ങൾ ആരായുക, എല്ലാവരുടെയും ആവശ്യങ്ങൾ പരിഗണിക്കുക, കൂട്ടായ തീരുമാനമെടുക്കുക മുതലായവയെല്ലാം പങ്കാളിത്തത്തിന്റെ ഘട്ടങ്ങളാണ്. കുടുംബത്തിന്റെ സമ്പത്ത് വർദ്ധിപ്പിക്കുന്നതിൽ കുടുംബത്തിലെ എല്ലാവർക്കും തുല്യമായ ഉത്തരവാദിത്വമാണ് ഉണ്ടായിരിക്കേണ്ടത്.

### കുടുംബ ബജറ്റിന്റെ ആദ്ധ്യാത്മികത

ബൈബിൾ അടിസ്ഥാനപ്പെടുത്തി ചിന്തിക്കുമ്പോൾ സൃഷ്ടി

യുടെ മകുടമാണ് മനുഷ്യൻ. ദൈവം സമസ്ഥവും സൃഷ്ടിച്ച് മനുഷ്യനെ അവയുടെയെല്ലാം സൂക്ഷിപ്പുകാരനായി നിയമിച്ചു. ദൈവനിർമ്മിതമായ എല്ലാ വിഭവങ്ങളും എല്ലാക്കാലത്തേയ്ക്കു മുള്ള സമസ്ഥജീവജാലങ്ങളുടെയും നിലനിൽപ്പിനുള്ളതാണ്. അതുകൊണ്ട് സ്വാർത്ഥപരമായ ഉപഭോഗസംസ്ക്കാരത്തെക്കാൾ ഉപരിയായി ആവശ്യാനുസൃതവും നീതിപൂർവ്വകവുമായ ഉപയോഗ മാണ് ഈ കാലഘട്ടത്തിന് ആവശ്യം. സുവിശേഷത്തിലെ താലന്തു കളുടെ ഉപമയും (മത്തായി 25:14 –21) നഷ്ടപ്പെട്ട നാണയത്തിന്റെ ഉപമയും (ലൂക്ക 15:8 –10) വിധവയുടെ കാണിക്കയുമെല്ലാം (ലൂക്ക 2:1–14) ധനത്തിന്റെ മൂല്യത്തേയും അതിന്റെ വിനിയോഗത്തേയും സൂചിപ്പിക്കുന്നു. ധൂർത്തപുത്രന്റെ ഉപമയിലൂടെ ധനം ധൂർത്തടിച്ച് പാഴാക്കി കളയാനുള്ളതല്ല എന്ന സന്ദേശമാണ് നമുക്ക് ലഭിക്കു ന്നത്. മനുഷ്യപ്രയത്നത്തിന്റെ വില ഒരിക്കലും പാഴാക്കിക്കളയേ ണ്ടതല്ല എന്ന വസ്തുതയും നാം ഇവിടെ തിരിച്ചറിയുന്നു (ലൂക്ക 15: 11–24). ലൂക്ക 16:19–31 വരെ ധനവാന്റേയും ലാസറിന്റേയും ഉപ മയിലൂടെ ധനസമ്പാദനമല്ല പിന്നെയോ അർഹതപ്പെട്ടവന് ധനം പങ്കുവയ്ക്കാതിരിക്കുന്നതാണ് തിന്മയായി ചിത്രീകരിച്ചിരിക്കുന്ന ത്. ആത്യന്തികമായി ധനം എല്ലാവരുടെയും നന്മയ്ക്ക് ഉപകാര പ്പെടേണ്ടതാണ്. ഇന്നത്തെ സാമൂഹിക വ്യവസ്ഥിതി അനുസരിച്ച് ധനം ഏതാനും പേരുടെ പക്കൽ വന്നുചേരുന്ന സാമൂഹികക്രമ മാണുള്ളത്. ഇവിടെ ഒരു മാറ്റം അനിവാര്യമാണ്. പാവങ്ങളെയും പാർശ്വവത്ക്കരിക്കപ്പെട്ടവരെയും പരിഗണിച്ചുകൊണ്ട് തയ്യാറാക്കുന്ന ബജറ്റിനു അതിന്റേതായ ഒരു അന്തസ്സും ആദ്ധ്യാത്മികതയുമുണ്ട്.

**കുടുംബ ബജറ്റിന്റെ പ്രാധാന്യത**

ലോകം ഇന്ന് കോവിഡ് 19 എന്ന ഒരു മഹാമാരിയിലൂടെ കടന്നു പോകുകയാണല്ലോ. മനുഷ്യജീവിതവുമായി ബന്ധപ്പെട്ട സമസ്ഥമേഖലകളിലും കോവിഡിന്റെ ദൂഷ്യഫലങ്ങൾ നാം അഭി മുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. കാർഷിക മേഖല ഇന്ന് വളരെ പ്രതിസന്ധികളിലൂടെയാണ് മുമ്പോട്ടുപോകുന്നത്. മനുഷ്യരുടെ വരുമാന സ്രോതസ്സുകൾ നിലച്ചുകൊണ്ടിരിക്കുകയാണ്. വിപണി യിലെ കിടമത്സരവും, ഉപഭോഗസംസ്ക്കാരവും, ജീവിതശൈലിയി ലുള്ള മാറ്റവും, ആഡംഭരങ്ങളുടെ പിന്നിലുള്ള പരക്കം പാച്ചിലും, അമിതമായ സുരക്ഷിതത്വബോധവും, ആരോഗ്യസംരക്ഷണവു മെല്ലാം കുടുംബ ബജറ്റിന്റെ അനിവാര്യതയെ സൂചിപ്പിക്കുന്നു. ബജറ്റ് കൊണ്ട് ഉദ്ദേശിക്കുന്നത് ഒരു കുടുംബത്തിൽ ലഭ്യമായ വിഭവങ്ങളെ കൃത്യമായി മുൻഗണനാക്രമത്തിൽ വീതം വയ്ക്കുക

എന്നതാണ്. ഒരു കുടുംബത്തിന് വരുമാനം എപ്പോൾ, എങ്ങനെ ആർക്കെല്ലാം വേണ്ടി ചെലവഴിക്കപ്പെടണം എന്ന് നിശ്ചയിക്കുന്നതിന് നമുക്ക് ബജറ്റ് എന്ന് വിളിക്കാവുന്നതാണ്. വിഭവങ്ങളുടെ മൂല്യം അതിന്റെ പൂർണ്ണതയിൽ ഉപയോഗപ്പെടുത്തുവാൻ ബജറ്റ് സഹായിക്കുന്നു. ഭാവി ആവശ്യങ്ങൾക്കുവേണ്ടി ധനം കരുതിവയ്ക്കുന്നതിനും കടക്കെണിയിൽ നിന്നും കുടുംബങ്ങളെ സംരക്ഷിക്കുന്നതിനും കുടുംബ ബജറ്റ് സഹായകരമാണ്.

**സാമ്പത്തിക സാക്ഷരതയും കുടുംബ ബജറ്റും**

കേരളത്തിലെ സന്നദ്ധ സംഘടനകളും അവയോടു ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്വയം സഹായസംഘടനകളും സാമ്പത്തിക സാക്ഷരത പകർന്നു നൽകുന്നതിനും കുടുംബ ബജറ്റ് തയ്യാറാക്കുന്നതിനും ബഹുദൂരം മുന്നേറിക്കഴിഞ്ഞിരിക്കുന്നു. ശരിയായ ദിശാബോധത്തോടെയുള്ള നിക്ഷേപവും, വരുമാന വർധനവിനായുള്ള സ്വയം തൊഴിൽ സംരംഭങ്ങളും, കൃത്യമായ ധനവിനിയോഗവും സ്വയംസഹായസംഘടനകളിലൂടെ പരിപോഷിപ്പിക്കപ്പെട്ടുവരുന്നു. കൂട്ടുത്തരവാദിത്വവും സാമൂഹിക പ്രതിബദ്ധതയും ഈ പ്രവർത്തനങ്ങളുടെയെല്ലാം അടിസ്ഥാനമായി നിലകൊള്ളുന്നു.

**എന്താണ് കുടുംബ ബജറ്റ്?**

ഒരു കുടുംബത്തിലെ വരവ് ചെലവുകളെ തിരിച്ചറിഞ്ഞ് അതിനനുസൃതമായി കൃത്യവും വ്യക്തവുമായ ദിശാബോധത്തോടെ പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ തയ്യാറാക്കി കുടുംബം മുൻപോട്ട് കൊണ്ടുപോകുന്നതിനെ കുടുംബ ബജറ്റായി കണക്കാക്കാവുന്നതാണ്. ചുരുക്കിപ്പറഞ്ഞാൽ ബജറ്റ് എന്നത് ആസൂത്രിതമായ വരവുകളും ചെലവുകളുമാണ്. വരവ് ചെലവുകളുടെ സന്തുലിതമായ അവസ്ഥയിലേയ്ക്ക് ബജറ്റ് നമ്മെ നയിക്കുന്നു. വരവ് ഇല്ലാതെ ചെലവ് ഇല്ല എന്നത് കണക്കിന്റെ അടിസ്ഥാന പ്രമാണമാണ്. അതുകൊണ്ടു തന്നെ വരവ് ചെലവുകളെ ബാലൻസ് ചെയ്യുന്നതാണ് കുടുംബ ബജറ്റായി നാം ഇവിടെ വിവക്ഷിക്കുന്നത്. കുടുംബ ബജറ്റിലൂടെ കുടുംബാംഗങ്ങളുടെ സംതൃപ്തിയും ക്ഷേമവും ഉറപ്പുവരുത്താൻ സാധിക്കും.

**വിവിധതരം കുടുംബ ബജറ്റുകൾ**

1. ഹൃസ്വകാല ബജറ്റ് (Short Term Budget) ചുരുങ്ങിയ കാലത്തേയ്ക്കുള്ള പദ്ധതികളും വരവ് ചെലവുകളുമാണ്.
2. ദീർഘകാല ബജറ്റ് (Long Term Budget) ദീർഘകാലത്തേയ്ക്കുള്ള വലിയ പദ്ധതികളും വരവ് ചെലവുകളുമാണ്.

3. കമ്മി ബജറ്റ് (Deficit Budget) വരവിനേക്കാൾ ചെലവ് അധികരിച്ച പദ്ധതികളാണ്.

4. മിച്ച ബജറ്റ് (Surplus Budget) ചെലവിനേക്കാൾ വരവ് അധികമായ ധനവിനിയോഗമാണ്.

5. സന്തുലിത ബജറ്റ് (Balanced Budget) വരവും ചെലവും ഇവിടെ തുല്യമായിരിക്കും

**മനുഷ്യാവശ്യങ്ങളുടെ തരംതിരിവ്**

പരിധികളില്ലാത്ത ആവശ്യങ്ങളാണ് മനുഷ്യനുള്ളത്. എന്നാൽ ഈ ആവശ്യങ്ങളെ നിറവേറ്റിയെടുക്കുന്നതിന് ആവശ്യമായ വിഭവങ്ങൾ പരിമിതവുമാണ്. ആയതിനാൽ അവശ്യം ആവശ്യങ്ങളെ നേടിയെടുക്കുന്നതിനും യാഥാർത്ഥ്യമാക്കുന്നതിനും ഈ കാലഘട്ടത്തിൽ കുടുംബ ബജറ്റ് അത്യന്താപേക്ഷിതമാണ്. മനുഷ്യന്റെ ആവശ്യങ്ങൾ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നതും അവസാനിക്കാത്തതുമാണ്. ജീവൻ നിലനിൽക്കുവോളം ആവശ്യങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കും പ്രായത്തിനനുസരിച്ച് ആവശ്യങ്ങൾ വ്യത്യാസപ്പെട്ടിരിക്കുന്നു. മുൻഗണന നിലനിൽക്കുന്നതനുസരിച്ച് ആവശ്യങ്ങൾ മാറിവരുന്നതാണ്. വ്യത്യസ്ഥമായ കാലാവസ്ഥകളിൽ വ്യത്യസ്ഥമായ ആവശ്യങ്ങളാണ് നമുക്ക് ഉണ്ടാവുക. വൈവിധ്യമാർന്ന സംസ്കാരങ്ങളിൽ വൈവിധ്യമാർന്ന ആവശ്യങ്ങൾ സംജാതമാകുന്നുണ്ട്. ലിംഗ വ്യത്യാസമനുസരിച്ചും ആവശ്യങ്ങൾ മാറിമാറി വരുന്നു. ഇവയെല്ലാം കണക്കിലെടുത്തുകൊണ്ടുവേണം ഒരു കുടുംബം ബജറ്റുമായി മുൻപോട്ട് പോകേണ്ടത്. കുടുംബങ്ങളിലെ ആവശ്യകത അനുസരിച്ച് നാം സ്വരുക്കൂട്ടുന്ന സാധനസാമഗ്രികളും ആവശ്യങ്ങളുടെ പട്ടികയിൽ തന്നെയാണ് ഉൾപ്പെടുത്തുക. അതേസമയം തന്നെ വിലമതിക്കാനാവാത്ത ഉത്തരവാദിത്വങ്ങളും ശുശ്രൂഷകളും കുടുംബത്തിൽ നിറവേറ്റപ്പെടുന്നുണ്ട്. ഉദാഹരണമായി, രക്ഷകതൃത്വം കുടുംബത്തിലെ സുപ്രധാനമായ കടമയും ചുമതലയുമാണ്. രൂപയുമായി താരതമ്യപ്പെടുത്തി ഈ സേവനങ്ങളെ നമുക്ക് അളന്ന് നിർണ്ണയിക്കാവുന്നതല്ല. പക്ഷേ കുടുംബങ്ങളുടെ നിലനിൽപ്പിനും വ്യക്തികളുടെ വളർച്ചയ്ക്കും ഈ ആവശ്യങ്ങൾ നിറവേറ്റപ്പെടേണ്ടതാണ്. ഓരോ വ്യക്തിക്കും അർഹമായ സ്നേഹവും, പരിലാളനയും, പ്രോത്സാഹനവും, സുരക്ഷിതത്വവും, ശുശ്രൂഷയും കുടുംബങ്ങളിൽ നിന്ന് മാത്രം ലഭിക്കുന്നതാണ്. വീണ്ടും ആവശ്യങ്ങളെ നമുക്ക് വ്യക്തിപരമായും സംഘാതമായും വേർതിരിക്കുവുന്നതാണ്. ആവശ്യങ്ങളെ നാം പ

രിഗണിക്കുമ്പോൾ ആഡംബരത്തേക്കാളും ആവശ്യങ്ങളെക്കാളും അത്യാവശ്യങ്ങൾക്കാണ് ഒരു ബജറ്റിൽ പ്രാമുഖ്യം നൽകേണ്ടത്.

കുടുംബ ബജറ്റ് തയ്യാറാക്കുമ്പോൾ ആ കുടുംബത്തിലെ എല്ലാ ആളുകൾക്കും ആവശ്യമായ ഭക്ഷണം, പാർപ്പിടം, വസ്ത്രം, വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം, യാത്ര, സാമൂഹിക സുരക്ഷാനടപടികൾ, ലോൺ തിരിച്ചടവ്, നിക്ഷേപം മുതലായവയെല്ലാം മുൻഗണനാക്രമത്തിൽ പരിഗണിക്കപ്പെടേണ്ടതാണ്.

### വിവിധതരം ചെലവുകൾ

കുടുംബ ബജറ്റിൽ നാം ചെലവുകളെ അപഗ്രധിക്കുമ്പോൾ പ്രധാനമായും നാം കാണുന്നത് അനുദിനമുള്ള ചെലവുകളാണ്. ദിനം തോറുമുള്ള ആവശ്യങ്ങളെ അനുദിനം നിറവേറ്റുന്നതാണിത്. കുടുംബത്തിൽ അപ്രതീക്ഷിതമായ ചെലവുകളും കടന്നുവരും. ഇവയേയും നാം മുൻകൂട്ടിക്കണ്ട് കരുതൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഒരു കുടുംബത്തിലെ നിശ്ചിത ചെലവുകളെ നമുക്ക് മാറ്റി വയ്ക്കാവുന്നതല്ല. അതേസമയം കുടുംബത്തിൽ നിറവേറ്റപ്പെടേണ്ടവയും അത്യന്താപേക്ഷിതവുമായ ചെലവുകൾ ഒരിക്കലും ഒഴിച്ചുകൂടാൻ ആവാത്തതാണ്. മേൽ സൂചിപ്പിച്ചവയിൽ ഒന്നും തന്നെ പെടാത്ത പലവക ചെലവുകൾ ഓരോ കുടുംബത്തിലും ഉണ്ടാകും എന്നതിൽ തർക്കമില്ല. ഈ ചെലവുകളെല്ലാം പരിഗണിച്ചുകൊണ്ടു വേണം കുടുംബ ബജറ്റുമായി മുന്നോട്ടു പോകേണ്ടത്.

### ഉപസംഹാരം

വ്യക്തികളുടെയും കുടുംബങ്ങളുടെയും നിലനിൽപ്പിനും അന്തസോടുകൂടിയ ജീവിതത്തിനും വൈവിധ്യമാർന്ന വിഭവങ്ങൾ അത്യന്താപേക്ഷിതമാണ്. വിഭവസമാഹരണലും അതിന്റെ മുൻഗണനാക്രമത്തിലുള്ള വിനിയോഗവും കുടുംബാംഗങ്ങളുടെ എല്ലാവരുടെയും പങ്കാളിത്തത്തോടെ വേണം നിറവേറ്റേണ്ടത്. വ്യക്തിത്വ വികസനവും കൂട്ടുത്തരവാദിത്വത്തിനും ഇത് വളരെ സഹായകരമാണ്. വരവിനനുസരിച്ച് ചെലവുകളെ നിയന്ത്രിക്കുന്ന ഒരു സംസ്ക്കാരം ഇനിയും രൂപപ്പെടേണ്ടതായിട്ടുണ്ട്. കാണാവുന്നതിലപ്പുറമുള്ള കടബാധ്യതകൾ ഏറ്റെടുക്കുന്നതിനേക്കാൾ ഉത്തമം സ്വസ്ഥതയും സമാധാനവും നിറഞ്ഞ ജീവിതമാണ്. സാമ്പത്തിക സുരക്ഷയിൽ അടിയുറച്ച ഒരു ജീവിത ക്രമീകരണം രൂപപ്പെടുത്തുവാൻ നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം...

# ഹരിത സമൃദ്ധി 2020-22

**നഗരവഴിയോര കാർഷിക വിപണി**

കേരള സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സഹായസഹകരണത്തോടെ ചാസ് അങ്കണത്തിൽ ഒക്ടോബർ മാസം മുതൽ എല്ലാ ബുധനാഴ്ചകളിലും രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1 വരെ നഗരവഴിയോര കാർഷിക വിപണി നടത്തുന്നു. നമ്മുടെ നാട്ടിൽ ഉൽപ്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള



വിഷരഹിത ഭക്ഷ്യോല്പന്നങ്ങളാണ് നഗര വഴിയോര കാർഷിക വിപണിയിൽ വിപണനം ചെയ്യുന്നത്. കർഷകരിൽ നിന്നും നേരിട്ട് കാർഷികോൽപ്പന്നങ്ങൾ സമാഹരിച്ച് ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെയും ജനങ്ങളെയും രക്ഷിക്കുകയെന്നതാണ് വിപണിയുടെ ലക്ഷ്യം.

**വാഴവിത്ത് വിതരണം:** ഹരിതസമൃദ്ധി പദ്ധതിയുടെ ഭാഗമായി സെപ്റ്റംബർ 20ന് മുട്ടാർ, വടക്കേഅമിച്ചകരി, നസ്രത്ത്, മണലാടി, പള്ളിക്കൂട്ടുമ്മ എന്നീ യൂണിറ്റുകളിലായി 1650 വാഴവിത്ത് വിതരണം ചെയ്തു.

**തെങ്ങിൻതൈ വിതരണം:** ഹരിതസമൃദ്ധി പദ്ധതിയുടെ ഭാഗമായി മാമ്പുഴക്കരി, കൈനടി, നസ്രത്ത്, വടക്കേഅമിച്ചകരി, എടത്വാ യൂണിറ്റുകളിലായി 225 മലയൻ ഡ്വാർഫ് തെങ്ങിൻതൈ വിതരണം ചെയ്തു.

**ഫാർമർ പൊഡ്യൂസർ കമ്പനി**

ഫാർമർ പൊഡ്യൂസർ കമ്പനി രൂപീകരണവുമായി ബന്ധപ്പെട്ട് ചാസ് കേന്ദ്ര ഓഫീസിൽ 2022 ഫെബ്രുവരി 9 ന് മീറ്റിംഗ് സംഘടിപ്പിച്ചു. നബാർഡ് കോട്ടയം മാനേജർ ശ്രീ. റെജി വർഗീസ്, PDS പ്രോഗ്രാം ഓഫീസർമാരായ ശ്രീ. സെബിൻ, ശ്രീ. സബിൻ, ചാസ്



ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ, ഡോ. ജോസഫ് എബ്രഹാം എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി. പ്രസ്തുത യോഗത്തിൽ തൃക്കൊടിത്താനം, ചങ്ങനാശ്ശേരി, കുറുമ്പനാടം, തുരുത്തി മേഖലകളിൽ നിന്നും കർഷകർ പങ്കെടുത്തു.

**തേനീച്ച വളർത്തൽ പരിശീലനവും സർട്ടിഫിക്കറ്റ് വിതരണവും**

കേന്ദ്ര സർക്കാരിന്റെ കീഴിൽ ചാസിന്റെ നേതൃത്വത്തിൽ മല്ലപ്പള്ളിയിൽ പ്രവർത്തിക്കുന്ന ചാസ് ഖാദി ഗ്രാമോദ്യോഗ് വിദ്യാലയത്തിന്റെ ആഭിമുഖ്യത്തിൽ  വെട്ടിമുകൾ യൂണിറ്റിലെ കർഷക സമിതി അംഗങ്ങൾക്ക് ഒക്ടോബർ 5,6,7 തീയതികളിൽ തേനീച്ച



വളർത്തൽ പരിശീലനം നൽകി. ഏറ്റുമാനൂർ മുനിസിപ്പൽ ചെയർ പേഴ്സൺ ശ്രീമതി ലൗലി ജോർജ്ജ് ഉദ്ഘാടനം ചെയ്തു. ശ്രീ. ജെയിംസ് ഡൊമിനിക് കുഴിക്കാട്ടിൽ ക്ലാസിന് നേതൃത്വം നൽകി. പരിശീലനം പൂർത്തിയാക്കിയ 30 അംഗങ്ങൾക്ക് യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് കളരിക്കൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

**JLG രൂപീകരിച്ചു**

നെടുംകുന്നം യൂണിറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്വാശ്രയ സംഘ വനിതകളുടെ നേതൃത്വത്തിൽ നവംബർ 17 ന് "തെരേസ", "ജ്യോതി" എന്നീ പേരുകളിൽ 2 JLG കൾ രൂപീകരിച്ചു.

**ഫാർമേഴ്സ് ക്ലബ് വാർഷിക പൊതുയോഗം**

കൈനകരി യൂണിറ്റിലെ ഫാർമേഴ്സ് ക്ലബ് മീറ്റിംഗ് നവംബർ 21 ന് രാവിലെ 8.30 ന് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് കമ്പിയിൽ അദ്ധ്യക്ഷതവഹിച്ചു. പ്രസിഡന്റ് ശ്രീ. സിബിച്ചൻ കാളാശ്ശേരി വാർഷിക കണക്കും റിപ്പോർട്ടും അവതരിപ്പിച്ചു. യൂണിറ്റ് സെക്രട്ടറി ശ്രീ. റ്റിന്റോ കുര്യൻ മണ്ണട മേഖലാ കോ-ഓർഡിനേറ്റർ ഡി. ജോസഫ് എന്നിവർ നേതൃത്വം നൽകി. ഫാർമേഴ്സ് ക്ലബിന്റെ പുതിയ സെക്രട്ടറിയായി ശ്രീ. കെ.വി. സെബാസ്റ്റ്യനെ തെരഞ്ഞെടുത്തു.

പള്ളാത്തുരുത്തി യൂണിറ്റിലെ ഫാർമേഴ്സ് ക്ലബ് മീറ്റിംഗ് നവംബർ 21 ന് ഉച്ചകഴിഞ്ഞ് 2.30 ന് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വെള്ളാമത്ര അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ശ്രീ. എം.എസ്. സെബാസ്റ്റ്യൻ വാർഷിക കണക്കും റിപ്പോർട്ടും അവതരിപ്പിച്ചു. പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. യൂണിറ്റ് സെക്രട്ടറി ശ്രീ. കുട്ടപ്പൻ കെ.ജെ. നെടുംചിറ, മേഖലാ കോ-ഓർഡിനേറ്റർ ഡി. ജോസഫ് എന്നിവർ നേതൃത്വം നൽകി.

**സൺഡേ മാർക്കറ്റ് രൂപീകരണ യോഗം**

പള്ളിക്കൂട്ടുമ്മ പുരുഷ സ്വാശ്രയസംഘത്തിന്റെ നേതൃത്വത്തിൽ സൺഡേ മാർക്കറ്റ് രൂപീകരിക്കുന്നതിന്റെ ഭാഗമായി ജനുവരി 2 ന് മീറ്റിംഗ് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ലൂയിസ് വെള്ളാനിക്കൽ അദ്ധ്യക്ഷതവഹിച്ചു. മേഖലാ കോ-ഓർഡിനേറ്റർ ശ്രീ. എൻ.ഐ. തോമസ് സംഘവിപണി ആരംഭിക്കുന്നതിന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി.

## ഫാർമേഴ്സ് ക്ലബ്

വെരൂർ യൂണിറ്റിൽ ഫെബ്രുവരി 21 ന് ഫാർമേഴ്സ് ക്ലബ് മീറ്റിംഗ് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ടോം പുത്തൻകളം അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു തോമസ് ഫാർമേഴ്സ് ക്ലബിന്റെ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

## സൺഡേ മാർക്കറ്റ്

കൊടുപ്പുന്ന യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ എല്ലാ ഞായറാഴ്ചകളിലും കർഷകർ ഉൽപ്പാദിപ്പിക്കുന്ന ജൈവ വിഭവങ്ങൾ വിപണനം ചെയ്യുന്ന സൺഡേ മാർക്കറ്റിന് മാർച്ച് 20-ാം തീയതി തുടക്കം കുറിച്ചു. ചാസ് അസി. ഡയറക്ടറും, കൊടുപ്പുന്ന യൂണിറ്റ് ഡയറക്ടറുമായ ഫാ. ജോർജ്ജ് പനക്കേഴം ഉദ്ഘാടനവും ആദ്യവില്പ



നയും നിർവ്വഹിച്ചു. ചാസ് സ്വാശ്രയവിപണിയുടെ ഉൽപ്പന്നങ്ങളും ഇവിടെ ലഭ്യമാണ്. പ്രവർത്തനങ്ങൾക്ക് യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി വരുന്നു.

## പദ്ധതി വിലയിരുത്തലും അവലോകനവും

ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി, ഹോം നഴ്സിംഗ്, ഭിന്നശേഷികാർക്കുള്ള പ്രോജക്ട്, ബൈപ്പാസ് ഹബ് രൂപീകരണം എന്നിവ ചർച്ച ചെയ്യുന്നതിന് ജനുവരി 13 ന് NABARD CGM ശ്രീ. ബാലചന്ദ്രൻ, കോട്ടയം ഡി.ഡി.എം. ശ്രീ. റെജി വർഗീസ് എന്നിവർ ചാസ് ഓഫീസ് സന്ദർശിച്ചു. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, ഡോ. ജോസഫ് എബ്രഹാം, പ്രോജക്ട് ഓഫീസർ ശ്രീ ജോബി മാത്യു എന്നിവർ ചർച്ചയിൽ പങ്കെടുത്തു.



## തണൽ

### അതിരൂപതാ ഭവനനിർമ്മാണ പദ്ധതി (നവംബർ 2021)

| ഇടവക | ഗുണഭോക്താവ് | ഗഡു | തുക |
|---|---|---|---|
| ആർപ്പൂക്കര | 1 | 3 | 25,000 |
| മിത്രക്കരി | 1 | 4 | 10,000 |
| എഴുമറ്റൂർ | 1 | 2 | 1,00,000/- |

### ചാസ് ഭവനനിർമ്മാണ പദ്ധതി (2021 ഒക്ടോബർ)

| ഇടവക | ഗുണഭോക്താക്കൾ | ഗഡു | തുക |
|---|---|---|---|
| പുല്ലങ്ങടി | 1 | 3 | 75,000 |

### ചാസ് സാമൂഹ്യ സുരക്ഷാ സഹായ പദ്ധതികൾ

ചാസിന്റെ വിവിധ സാമൂഹിക സുരക്ഷാ സഹായ പദ്ധതികൾ വഴി (2021 ഒക്ടോബർ–2022 മാർച്ച്) മാസങ്ങളിൽ ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

**(1) SHG മരണാനന്തര സഹായം (10,000/– രൂപ വീതം 27 കുടുംബങ്ങൾക്ക് Rs. 2,70,000/– നൽകി)**

| പേര് | സംഘം | യൂണിറ്റ് | മേഖല |
|---|---|---|---|
| 548. പൊന്നപ്പൻ കെ. കൂട്ടുങ്കൽ | കൃപാസനം | ആറാട്ടുവഴി | ആലപ്പുഴ |

| | | | |
|---|---|---|---|
| 549. ഡേവിഡ് എം.പി. നരിമല | ക്രൈസ്റ്റ് | ഏറ്റുമാനൂർ | അതിരമ്പുഴ |
| 550. കുഞ്ഞുറോസ തമ്പി ബിന്ദുഭവൻ | സെഹിയോൻ | മായം | അമ്പൂരി |
| 551. റ്റി. ജെ. ദേവസ്യാ തൊണ്ടംപള്ളി | സ്റ്റാർ | ചേപ്പുംപാറ | കോട്ടയം |
| 552. കെ. ജെ. വർക്കി പൊടിമറ്റം | മഹാത്മ | നാൽപ്പാത്തിമല | അതിരമ്പുഴ |
| 553. ലീലാമണിയമ്മ വെള്ളാരങ്ങാട്ട് | സൂര്യ | കൂരോപ്പട | കോട്ടയം |
| 554. വർഗീസ് സേവ്യർ കൂടത്തേട്ട് | മരിയൻ | കൂത്രപ്പള്ളി | നെടുംകുന്നം |
| 555. മറിയാമ്മ തോമസ്, കാരിപ്പുറം | നവോദയ | പുത്തനങ്ങാടി | ആലപ്പുഴ |
| 556. കുഞ്ഞമ്മ മാണി, ചെറുവള്ളിപ്പറമ്പിൽ | ചെറുപുഷ്പം | ലിസ്യു | അതിരമ്പുഴ |
| 557. അമ്മാൾ ജോസഫ്, ളാപ്പള്ളിൽ | എയ്ഞ്ചൽ | മണ്ണാർകുന്ന് | അതിരമ്പുഴ |
| 558. സെലീനാമ്മ സൈമൺ | ഗ്ലോറിയ | മുട്ടർ ഇങ്ങക | എടത്വാ |
| 559. ഔസേഫ് ഉലഹന്നാൻ, വട്ടപ്പറമ്പിൽ | സഹൃദയ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 560. പ്രദീഷ് സി.ജെ. ചിറക്കുഴി | അതിജീവൻ | മുട്ടാർ ഓൾഡ് | എടത്വാ |
| 561. ഡീനാമ്മ രാജൻ, പാറയ്ക്കൽ | എയ്ഞ്ചൽ | അയർക്കുന്നം | കോട്ടയം |
| 562. ത്രേസ്യാമ്മ വർഗ്ഗീസ് പുത്തൻപുര | ജ്യോതിസ് | പള്ളാത്തുരുത്തി | ആലപ്പുഴ |
| 563. ആന്റണി വർക്കി മണിയങ്കരി | സെന്റ് ആന്റണീസ് | കിളിരൂർ | കോട്ടയം |
| 564. ലീലാമ്മ ജോയി കൊച്ചുപറമ്പിൽ | ആദർശ് | എടത്വാ | എടത്വാ |
| 565. ലാലിച്ചൻ സ്കറിയ | ശ്രേയസ് | നർബോനപുരം | ആലപ്പുഴ |
| 566. സ്റ്റെല്ല ആന്റണി | സ്നേഹനിധി | പുറക്കാട് | ആലപ്പുഴ |
| 567. പുഷ്പമ്മ ചാക്കോ | ചെറുപുഷ്പം | ആറാട്ടുവഴി | ആലപ്പുഴ |
| 568. പി.ജെ. ജോസഫ് | അമല | തത്തംപള്ളി | ആലപ്പുഴ |
| 569. ജോർജ്ജ് | ക്രിസ്തു രാജ് | തത്തംപള്ളി | ആലപ്പുഴ |
| 570. ഷാജിമ്മ ജോസഫ് | സെന്റ് മേരീസ് | വെളിയനാട് | പുളിംകുന്ന് |
| 571. മോളിക്കുട്ടി ദേവസ്യാ | തെരേസാ | ചാഞ്ഞോടി | തൃക്കൊടിത്താനം |
| 572. ചാക്കോ വർഗീസ് | വയോജന | ചാഞ്ഞോടി | തൃക്കൊടിത്താനം |
| 573. ദാക്ഷായണി | ദൃശ്യ | രാജഗിരി | അമ്പൂരി |
| 574. സി.റ്റി. സ്ക്കറിയ | നവോദയ | മുട്ടാർ ഓൾഡ് | എടത്വാ |

**(2) മ്യൂച്ചൽ ബെനഫിറ്റ് സ്കീം** (2021 ഒക്ടോബർ - 2022 മാർച്ച്)

- **മരണാനന്തരസഹായം (10,000/- രൂപ വീതം 100 കുടുംബങ്ങൾക്ക് Rs. 10,00,000/- നൽകി)**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 589. ജോസഫ് എൻ.റ്റി. നടുവിലേച്ചിറയിൽ | കൊടുപ്പുന്ന | എടത്വാ |
| 590. കുഞ്ഞുമോൾ ബേബി മംഗലശ്ശേരി | കൊടുപ്പുന്ന | എടത്വാ |
| 591. തങ്കമ്മ പത്മദാസ് നീലിപ്പറമ്പ് | ആറാട്ടുവഴി | ആലപ്പുഴ |
| 592. വർക്കി വർക്കി മുളമൂട് | ചമ്പക്കുളം | ചമ്പക്കുളം |
| 593. ത്രേസ്യാമ്മ ആന്റണി, വടക്കേപറമ്പിൽ | പനയമ്പാല | നെടുംകുന്നം |
| 594. അന്നക്കുട്ടി മർക്കോസ്, തടില്ലാക്കൽ | ഏറ്റുമാനൂർ | അതിരമ്പുഴ |

| | | |
|---|---|---|
| 595. ത്രേസ്യാമ്മ ജോസഫ്, കൊച്ചുപന്തപ്ലാക്കൽ | ഏറ്റുമാനൂർ | അതിരമ്പുഴ |
| 596. എൽസമ്മ ദേവസ്യാ വടക്കുംകരയിൽ | വെട്ടിമുകൾ | അതിരമ്പുഴ |
| 597. മേരിക്കുട്ടി സെബാസ്റ്റ്യൻ മാടപ്പള്ളിൽ | ലിസ്യൂ | അതിരമ്പുഴ |
| 598. മേക്കുട്ടി എബ്രഹാം കണ്ടത്തിപ്പറമ്പിൽ | പുറക്കാട് | ആലപ്പുഴ |
| 599. വർഗ്ഗീസ് ഇ.ജെ. ഈശുപറമ്പിൽ | ചമ്പക്കര | നെടുംകുന്നം |
| 600. ജോസഫ് കെ.സി. കാരക്കാട് | മാടപ്പള്ളി | കുറുമ്പനാടം |
| 601. മൈക്കിൾ സ്നേഹഭവൻ | നർബോനപുരം | ചമ്പക്കുളം |
| 602. പുരുഷോത്തമപണിക്കൽ കിഴക്കേടത്ത് | തായങ്കരി | എടത്വാ |
| 603. റ്റി. ജെ. സെബാസ്റ്റ്യൻ തൊണ്ടംപള്ളി | ചേപ്പുംപാറ | കോട്ടയം |
| 604. ലൂക്കാ തോമസ് ചിറപ്പുറത്ത് | ചേപ്പുംപാറ | കോട്ടയം |
| 605. കുഞ്ഞമ്മ എൺപത്തെട്ടിൽ | പുതുക്കരി | എടത്വാ |
| 606. മറിയമ്മ ഫിലിപ്പ്, പുലിമുട്ടേൽ | കിടങ്ങറ | ചങ്ങനാശ്ശേരി |
| 607. റോസമ്മ ജോയി | പൊടിപ്പാറ | തുരുത്തി |
| 608. മേരിക്കുട്ടി തോമസ് ആറ്റുമാലിൽ | കേളമംഗലം | എടത്വാ |
| 609. എം. വി. മാത്യു വടക്കഴികത്ത് | പുന്നത്തുറ | അതിരമ്പുഴ |
| 610. സിറിയക് കുര്യൻ, പണ്ടാരക്കളം | ഏറ്റുമാനൂർ | അതിരമ്പുഴ |
| 611. മേരി തോമസ്, ചെറിയാൻതറ | ആറുമാനൂർ | അതിരമ്പുഴ |
| 612. കെ.ജെ. വർക്കി, പൊടിമറ്റം | നാൽപ്പാത്തിമല | അതിരമ്പുഴ |
| 613. കുഞ്ഞമ്മ ജോബ്, കല്ലോലിക്കൽ | പനയമ്പാല | നെടുംകുന്നം |
| 614. മേരിക്കുട്ടി വെള്ളപ്ലാമുറി | വള്ളംചിറ | മണിമല |
| 615. മറിയമ്മ സിബി, ചേരക്കാരമുട്ടത്ത് | നെടുമണ്ണി | നെടുംകുന്നം |
| 616. ആന്റണി വർഗീസ്, കോച്ചേരി | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 617. ത്രേസ്യാമ്മ മാത്യു പുളിക്കൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 618. ആന്റണി സി.എസ്. ചെറിയതുണ്ടത്തിൽ | പഴവങ്ങാടി | ആലപ്പുഴ |
| 619. സേവ്യർ ചാക്കോ പുത്തൻചിറ | പഴവങ്ങാടി | ആലപ്പുഴ |
| 620. കത്രീനാ മാത്യു, തൈപ്പറമ്പിൽ | എടത്വാ | എടത്വാ |
| 621. ചാക്കോ പി.സി. അഞ്ചിൽ | എടത്വാ | എടത്വാ |
| 622. കുഞ്ഞുമോൾ ജോസഫ് മുട്ടത്തേടത്ത് | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 623. ഇന്ദിര മണിയൻ | ഫിൽഗിരി | കൊല്ലം |
| 624. ഐയൂബ് ഖാൻ | ഫിൽഗിരി | കൊല്ലം |
| 625. ജോസഫ് ജെ. പൈകട | മീൻകുളം | കൊല്ലം |
| 626. ഉഷാ രാജൻ | മായം | അമ്പൂരി |
| 627. ബേബിയമ്മ റ്റി. | മായം | അമ്പൂരി |
| 628. സോമൻ തടത്തരികത്തിൽ | മായം | അമ്പൂരി |
| 629. കുഞ്ഞുറോസ | മായം | അമ്പൂരി |
| 630. മേരി ജോസഫ് ഉള്ളാട്ടിമൂട് | മായം | അമ്പൂരി |
| 631. തോമസ് സെബാസ്റ്റ്യൻ | മായം | അമ്പൂരി |

| | | |
|---|---|---|
| 632. ഔസേഫ് ഉലഹന്നാൻ, വട്ടപ്പറമ്പിൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 633. നളിനി നടേശൻ | പാറേൽ | ചങ്ങനാശ്ശേരി |
| 634. റോബർട്ട് കൊച്ചിക്കാട്ട് | പാറേൽ | ചങ്ങനാശ്ശേരി |
| 635. കുഞ്ഞുമോൾ ജോസഫ് | നാലുകോടി | തൃക്കൊടിത്താനം |
| 636. ലില്ലിക്കുട്ടി ജോസഫ്, പത്തിൽചിറ | വടക്കേഅമിച്ചകരി | ചമ്പക്കുളം |
| 637. എം.ജെ. സ്കറിയ മണക്കുഴി | നെടുമണ്ണി | നെടുംകുന്നം |
| 638. ലില്ലിക്കുട്ടി ജോസഫ്, ചക്കായിൽ | ചങ്ങംകരി | എടത്വാ |
| 639. സക്കറിയാ സി.സി. ചിറയ്ക്കൽ | പഴവങ്ങാടി | ആലപ്പുഴ |
| 640. ബിയാട്രീസ് ഫ്രാൻസീസ് | ആറാട്ടുവഴി | ആലപ്പുഴ |
| 641. സാറാമ്മ ജോർജ്ജ്, ചെറുവാതൂർ | ആറാട്ടുവഴി | ആലപ്പുഴ |
| 642. രമണൻ കായലിപ്പറമ്പിൽ | കൈനകരി | ആലപ്പുഴ |
| 643. എം. ജെ. വർക്കി, മംഗലപ്പള്ളി | കൈനകരി | ആലപ്പുഴ |
| 644. എ.വി. മാത്യു, അഡാരിചിറ | പായിപ്പാട് | തൃക്കൊടിത്താനം |
| 645. സബുരാ ബീവി, നിസാർമൻസിൽ | ഫിൽഗിരി | കൊല്ലം |
| 646. ഫാത്തിമാ ബീവി, ചാരുവിള | ഫിൽഗിരി | കൊല്ലം |
| 647. അമ്മാൾ ജോസഫ്, ഠാപ്പള്ളിൽ | മണ്ണാർകുന്ന് | അതിരമ്പുഴ |
| 648. കെ.എം. ടോമി, കരിമ്പുകാലായിൽ | മണ്ണാർകുന്ന് | അതിരമ്പുഴ |
| 649. തോമസ് ജോസഫ്, കാട്ടുങ്കൽ | പൂന്തോപ്പ് | ആലപ്പുഴ |
| 650. ആന്റണി വർക്കി, മണിങ്കേരിൽ | കിളിരൂർ | കുടമാളൂർ |
| 651. കെ.വി. ചാക്കോ, കളരിക്കൽ | വെട്ടിമുകൾ | അതിരമ്പുഴ |
| 652. എൻ.റ്റി. ചാക്കോ, നരിക്കുഴിയിൽ | വെട്ടിമുകൾ | അതിരമ്പുഴ |
| 653. കെ.സി വർക്കി കാട്ടുകരി | കുമരകം വടക്കുംകര | കോട്ടയം |
| 654. വി.ജി. വർഗീസ് ചെമ്മോത്ത് | പുന്നമട | ആലപ്പുഴ |
| 655. ലാലിച്ചൻ നടുവിലേപ്പറമ്പിൽ | നർബോനപുരം | ചമ്പക്കുളം |
| 656. റ്റിജോ തോമസ് മഠത്തിക്കുന്നേൽ | ഫിൽഗിരി | കൊല്ലം |
| 657. സെറ്റല്ല ആന്റണി കണ്ടത്തിപ്പറമ്പിൽ | പുറക്കാട് | ആലപ്പുഴ |
| 658. ദേവസ്യ വി. പാലപ്പള്ളിൽ | ഫിൽഗിരി | കൊല്ലം |
| 659. സി.റ്റി. സ്കറിയ, ആറുപറ | മുട്ടാർ ഓൾഡ് | എടത്വാ |
| 660. ലിസി വർഗീസ് ആലപ്പാട്ടുവെളി | മുഹമ്മ | ആലപ്പുഴ |
| 661. ആന്റണി പുത്തൻപുരയ്ക്കൽ | മുഹമ്മ | ആലപ്പുഴ |
| 662. മേരിക്കുട്ടി ഉലക്കപ്പാടി | എടത്വാ | എടത്വാ |
| 663. ഫിലോമിനാ ജോസഫ് കാപ്പിലിപ്പറമ്പിൽ | കുളത്തൂർ | മണിമല |
| 664. റോസമ്മ വെള്ളാപ്പള്ളി | വള്ളംചിറ | മണിമല |
| 665. വി.വി. ആന്റണി വെണ്ണാലിൽ | കൂത്രപ്പള്ളി | നെടുംകുന്നം |
| 666. തോമസ് ജോസഫ് കളരിക്കൽ | കൂത്രപ്പള്ളി | നെടുംകുന്നം |
| 667. മറിയമ്മ ജോസഫ് ഈഴ്യാലിൽ | കൂത്രപ്പള്ളി | നെടുംകുന്നം |
| 668. എ. തോമസ് കൊച്ചുവീട് | രാമങ്കരി | പുളിംകുന്ന് |

| | | |
|---|---|---|
| 669. സി.വി. തോമസുകുട്ടി ചേന്നാട്ടുശ്ശേരി | രാമങ്കരി | പുളിംകുന്ന് |
| 670. മേരുക്കുട്ടി ജോസഫ് തെക്കേമുറി | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 671. ചെല്ലമ്മ തങ്കപ്പൻ ഇല്ലത്തുചിറ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 672. സേവ്യർ ചാക്കോ കണിയാംപറമ്പിൽ | മുണ്ടുപാലം | തൃക്കൊടിത്താനം |
| 673. മറിയാമ്മ ദേവസ്യാ ചേരിക്കൽ | മുണ്ടുപാലം | തൃക്കൊടിത്താനം |
| 674. കെ.ജെ. ജോസഫ് കാഞ്ഞിരത്തുംമൂട്ടിൽ | കുറിച്ചി | തുരുത്തി |
| 675. റ്റി.വി. തോമസ് തെക്കേമൈലാടി | മായം | അമ്പൂരി |
| 676. ത്രേസ്യാമ്മ തോമസ് വെട്ടുകല്ലേൽ | മായം | അമ്പൂരി |
| 677. ജോസഫ് തോമസ് വാലയിൽ | വെരൂർ | ചങ്ങനാശ്ശേരി |
| 678. കെ.ജെ. കുര്യാക്കോസ് കൈലാത്ത് | പാറേൽ | ചങ്ങനാശ്ശേരി |
| 679. ജെയിംസുകുട്ടി പുതുപ്പറമ്പ് | പാറേൽ | ചങ്ങനാശ്ശേരി |
| 680. ലിസമ്മ ബേബി തുണ്ടിപ്പറമ്പിൽ | പാറേൽ | ചങ്ങനാശ്ശേരി |
| 681. കുഞ്ഞമ്മ വാവ, പുതുപ്പറമ്പിൽ | പാറേൽ | ചങ്ങനാശ്ശേരി |
| 682. അന്നമ്മ ആന്റണി താവളത്തിൽ | പാറേൽ | ചങ്ങനാശ്ശേരി |
| 683. മാത്തുക്കുട്ടി ജെ, മണ്ണനാൽ | ചേപ്പുപാറ | കോട്ടയം |
| 684. പെണ്ണമ്മ ലൂക്കോസ് മാറാമ്പിൽ | നാൽപ്പാത്തിമല | അതിരമ്പുഴ |
| 685. ഏലിയാമ്മ ജോസഫ് കല്ലുംപുറം | അതിരമ്പുഴ | അതിരമ്പുഴ |
| 686. ലീലാമ്മ കുഞ്ഞച്ചൻ മുട്ടുംപുറം | കിഴക്കേമിത്രക്കരി | എടത്വാ |
| 687. ജേക്കബ് ജോർജ്ജ് കാട്ടാംപള്ളിൽ | കോയിൽമുക്ക് | എടത്വാ |
| 688. സിന്ധു ദിലീപ് | മുടിയൂർക്കര | കുടമാളൂർ |
| 689. മത്തായി ദേവസ്യാ ചെരുവുകാലായിൽ | കുടമാളൂർ | കുടമാളൂർ |
| 690. ഏലിയാമ്മ തോമസ് പൊട്ടുകുളം | മാടപ്പള്ളി | കുറുമ്പനാടം |
| 691. ജോസ് ജേക്കബ് വള്ളിയാംപൊയ്കയിൽ | വെട്ടിമുകൾ | അതിരമ്പുഴ |
| 692. നാരായണൻ മല്ലിശ്ശേരി | ആറുമാനൂർ | അതിരമ്പുഴ |
| 693. തോമസ് കെ.എ. ചെറിയതുരുത്തിൽ | ആറാട്ടുവഴി | ആലപ്പുഴ |

**• ചികിത്സാസഹായം (5000/- രൂപ വീതം 21 കുടുംബങ്ങൾക്ക് Rs. 1,05,000/- നൽകി)**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 257. അൽഫോൻസാ മോനിച്ചൻ | ചമ്പക്കുളം | ചമ്പക്കുളം |
| 258. ജോസഫ് ചാക്കോ കിടങ്ങയിൽ | ലിസ്യൂ | അതിരമ്പുഴ |
| 259. ചാക്കോ സ്കറിയ കോയിപ്പള്ളി | പൊങ്ങ | ആലപ്പുഴ |
| 260. ജോസഫ് റ്റി. റോഷൻവില്ല | പൊങ്ങ | ആലപ്പുഴ |
| 261. ജിജോ മാത്യു കറുകയിൽ | വേഴപ്രാ | പുളിംകുന്ന് |
| 262. ലൈല വർഗീസ് മുളയ്ക്കൽ | മാമ്മൂട് | കുറുമ്പനാടം |
| 263. ത്രേസ്യാമ്മ ജോസ് കുരിശുംമൂട്ടിൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 264. ബാബു ആന്റണി | തൃക്കൊടിത്താനം | തൃക്കൊടിത്താനം |

| | | |
|---|---|---|
| 265. റോസമ്മ റെജി | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 266. തങ്കമ്മ തോമസ് കണ്ണന്തറ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 267. അന്നമ്മ ജോസഫ് പുതുക്കുളം | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 268. സിബിച്ചൻ വേഷ്ണാൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 269. കുഞ്ഞമ്മ മാത്യു പുതുപ്പറമ്പിൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 270. മറിയകുട്ടി തോമസ് വല്യപറമ്പിൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 271. റോസമ്മ തോമസ് അഴിമുഖം | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 272. ഓമനക്കുട്ടൻ എ.ജി. അഞ്ചിൽചിറ | തായങ്കരി | എടത്വാ |
| 273. മറിയമ്മ ചാക്കോ മേടയിൽ | പായിപ്പാട് | തൃക്കൊടിത്താനം |
| 274. വർഗ്ഗീസ് മാത്യു സ്രാമ്പിക്കൽ | പായിപ്പാട് | തൃക്കൊടിത്താനം |
| 275. ലീലാമ്മ പള്ളിക്കച്ചിറ | പായിപ്പാട് | തൃക്കൊടിത്താനം |
| 276. വൽസമ്മ ചാക്കോ | പായിപ്പാട് | തൃക്കൊടിത്താനം |
| 277. മോഹൻ കുമാർ സി.എൻ. | പായിപ്പാട് | തൃക്കൊടിത്താനം |

## (3) ആരോഗ്യ ഇൻഷുറൻസ് പദ്ധതി

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ 2021 ഒക്ടോബർ–2022 മാർച്ച് മാസങ്ങളിൽ ചികിത്സാ ചെലവിനത്തിൽ 99,940/– രൂപ അനുവദിച്ചു.

| പേര് | യൂണിറ്റ് | തുക |
|---|---|---|
| 1. എ. കെ. വർക്കി ആനക്കല്ലുങ്കൽ | ളായിക്കാട് | 9,800/- |
| 2. വൽസമ്മ ജോൺ, നടുവിലേഴം | പൊടിപ്പാറ | 9375/- |
| 3. കുഞ്ഞുമോൾ ജോയി, വടക്കേചിറയിൽ | മുഹമ്മ | 10050/- |
| 4. ഡൊമിനിക് മാത്യു, ഓടേറ്റിൽ | വടക്കേകര | 9650/- |
| 5. മറിയമ്മ ദേവസ്യ, ഉണ്ണേച്ചുപറമ്പിൽ | കറിക്കാട്ടൂർ | 5,570/- |
| 6. പി.ജെ. സ്കറിയ, പാലത്തൂർ | കുമാരനല്ലൂർ | 3,580/- |
| 7. എൽസമ്മ ജോസഫ്, വാണിയപ്പുരയ്ക്കൽ | തുരുത്തി | 9700/- |
| 8. റോമിച്ചൻ കാലായിൽ | വടക്കേക്കര | 6650/- |
| 9. ശിൽപ ബൈജു, ചേന്നാട്ടുശ്ശേരി | രാമങ്കരി | 7750/- |
| 10. വർഗീസ് എം.വി. മാളിയേക്കൽ | വെരൂർ | 3900/- |
| 11. എ.കെ. വർക്കി, ആനക്കല്ലുങ്കൽ | പങ്ങട | 9350/- |
| 12. ലിസമ്മ കുര്യൻ, മുട്ടത്തുവടക്കേതിൽ | മാടപ്പള്ളി | 7600/- |
| 13. റോസമ്മ ആന്റണി, കളത്തിപ്പറമ്പിൽ | മാടപ്പള്ളി | 6965/- |

## 4 CBR Programme
## *CHASS-REHASWISS*

ഭിന്നശേഷിക്കാർക്ക് വരുമാന പദ്ധതികൾ ആരംഭിക്കുന്നതിന് 60 കുടുംബങ്ങൾക്ക് 8,89,000/- രൂപ അനുവദിച്ചു. 30 ഭിന്നശേഷിക്കാർക്ക് 20,000/- രൂപ വീതവും പദ്ധതി വിപുലീകരണത്തിന് 30 ഭിന്നശേഷി ക്കാർക്ക് 10,000/- രൂപ വീതവുമാണ് വിതരണം ചെയ്തത്.

| യൂണിറ്റ് | ഗുണഭോക്താക്കൾ | തുക |
|---|---|---|
| ഫാത്തിമാപുരം | 2 | 20,000 |
| നാലുകോടി | 5 | 50,000 |
| കൊടിനാട്ടുംകുന്ന് | 1 | 10,000 |
| വെട്ടിത്തുരുത്ത് | 5 | 50,000 |
| പുഴവാത് | 2 | 20,000 |
| കുളത്തൂർ | 2 | 20,000 |
| പെരുംകാവ് | 1 | 10,000 |
| വള്ളംചിറ | 3 | 30,000 |
| ഇത്തിത്താനം | 3 | 60,000 |
| കുറുമ്പനാടം അസംപ്ഷൻ | 1 | 20000 |
| മാമ്മൂട് | 1 | 20,000 |
| ചമ്പക്കര | 3 | 60,000 |
| പാറേൽ | 1 | 20,000 |
| കേളമംഗലം | 1 | 20,000 |
| മുട്ടാർ ഇങ്കക | 1 | 20,000 |
| വടക്കേഅമിച്ചകരി | 1 | 20,000 |
| രാമങ്കരി | 2 | 30,000 |
| കാവാലം സെന്റ് തെരേസാസ് | 1 | 20,000 |
| മാമ്പുഴക്കരി | 2 | 40,000 |
| കിടങ്ങറ | 1 | 20,000 |
| നർബോനപുരം | 1 | 20,000 |
| നസ്രത്ത് | 1 | 20,000 |
| കുടമാളൂർ | 2 | 40,000 |
| ചീപ്പുങ്കൽ | 1 | 20,000 |
| കിളിരൂർ | 1 | 20,000 |
| ഏറ്റുമാനൂർ | 3 | 50,000 |
| ഫിൽഗിരി | 11 | 1,50,000 |
| **ആകെ** | **59** | **8,80,000** |



# കേന്ദ്ര വാർത്തകൾ

## യൂണിറ്റ് എക്സിക്യൂട്ടീവ് മീറ്റിംഗ്

ചാസ് യൂണിറ്റുതല പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി എക്സിക്യൂട്ടീവ് മീറ്റിംഗ് സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കലും പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യുവും യൂണിറ്റുകൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയും, ചാസ് നടപ്പിലാക്കിവരുന്ന വിവിധ വികസന പദ്ധതികളുടെ അവലോകനം നടത്തി പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. മേഖലാ കോ-ഓർഡിനേറ്റന്മാർ നേതൃത്വം നൽകി.



| തീയതി | യൂണിറ്റ് |
|---|---|
| 2021. ഒക്ടോ. 5 | കായൽപുറം |
| 2021. ഒക്ടോ. 7 | മുട്ടാർ ഓൾഡ് |
| 2021. ഡിസം. 21 | ഫിൽഗിരി |
| 2022 ജനുവരി 4 | എടത്വാ, മുട്ടാർ ഓൾഡ് |
| 2022 ജനുവരി 9 | കാവാലം ലിസ്യൂ, വെളിയനാട് സെന്റ് സേവ്യേഴ്സ് |
| 2022 ജനുവരി 10 | തൃക്കൊടിത്താനം |
| 2022 ജനുവരി 16 | പൊടിപ്പാറ, കൊടുപ്പുന്ന, ചങ്ങംകരി, തായങ്കരി |
| 2022 ഫെബ്രു. 19 | പച്ച-ചെക്കിടിക്കാട് |
| 2022 ഫെബ്രു. 21 | ആർപ്പൂക്കര |

## സോഷ്യൽ വർക്ക് വിദ്യാർത്ഥികൾക്ക് പരിശീലനം

അസംപ്ഷൻ കോളേജ് ചങ്ങനാശ്ശേരി, വിദ്യാധിരാജാ കോളേജ് കരുനാഗപ്പള്ളി, സെന്റ് ജോസഫ്സ് കോളേജ് ദേവഗിരി എന്നിവിടങ്ങളിൽ നിന്നും എത്തിയ സോഷ്യൽ വർക്ക് വിദ്യാർത്ഥികൾക്ക് സാമൂഹ്യപ്രവർത്തനം, ലക്ഷ്യങ്ങൾ, പ്രവർത്തനശൈലി, പദ്ധതി രൂപീകരണം നടപ്പിലാക്കൽ, വിശകലനം എന്നീ വിഷയങ്ങളിൽ പരിശീലനം നൽകി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ, പ്രോജക്ട് ഓഫീസർ ജോബി മാത്യു, കോ-ഓർഡിനേറ്റർ ശ്രീ. അരുൺ ജോസഫ് എന്നിവർ നേതൃത്വം നൽകി.

## കാർഷിക യൂണിവേഴ്സിറ്റികളിലെ വിദ്യാർത്ഥികൾക്ക് പരിശീലനം

കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി അവസാനവർഷ ആരെ അഗ്രിക്കൾച്ചർ വിദ്യർത്ഥികൾക്കായുള്ള RAWE പരിശീലന പരിപാടി ഡിസംബർ 2 ന് തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിലെ 7 വിദ്യാർത്ഥികൾക്കും, കാസർഗോഡ് പടനകാട്



കാർഷിക കോളേജിലെ 11 വിദ്യാർത്ഥികൾക്കും ഡിസംബർ 12-16 വരെ സംഘടിപ്പിച്ചു. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ, പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യു എന്നിവർ പരിശീലന പരിപാടികൾക്ക് നേതൃത്വം നൽകി. ചാസിന്റെ യൂണിറ്റുതലത്തിൽ പ്രവർത്തിക്കുന്ന കർഷക സംഘാംഗങ്ങളുമായി സംവദിക്കുന്നതിനുള്ള അവസരവും പരിശീലനത്തിന്റെ ഭാഗമായി ഒരുക്കി.

## ഗ്രീൻ പ്രോട്ടോക്കോൾ

രൂപത സോഷ്യൽ സർവ്വീസ് സൊസൈറ്റികൾ കേരളാ സോഷ്യൽ സർവ്വീസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ നടപ്പി

ലാക്കിവരുന്ന ഗ്രീൻ പ്രോട്ടോക്കോൾ പദ്ധതിയുടെ സംസ്ഥാന തല വിലയിരുത്തൽ മീറ്റിംഗിൽ ഡിസംബർ 7 ന് ചാസിനെ പ്രതിനിധീകരിച്ച് ശ്രീ. കാർമ്മൽ ജോബി മാത്യു പങ്കെടുക്കുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

**ക്രിസ്തുമസ് കേക്ക് വിതരണം**

ചാസിന്റെ പ്രാദേശിക യൂണിറ്റുകളുടെ സഹകരണത്തോടുകൂടി ഖാദി അമ്മ ഫുഡ്സ് പ്രൊഡക്ട്സ് തയ്യാറാക്കിയ വിവിധയിനം ക്രിസ്മസ് കേക്കുകൾ വിതരണം ചെയ്തു.

**പുതിയ എക്സിക്യൂട്ടീവ് സമിതി മീറ്റിംഗ്**

ചങ്ങനാശ്ശേരി, തൃക്കൊടിത്താനം, തുരുത്തി മേഖലകളിലെ പുതിയ ഭരണസമിതി അംഗങ്ങളുടെ മീറ്റിംഗ് ജനുവരി 10 ന് ളായിക്കാട് സെന്റ് ജോസഫ്സ് പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ, പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യു എന്നിവർ ചാസിന്റെ വരുംകാല പ്രവർത്തനങ്ങൾ ചർച്ച ചെയ്തു. മേഖലാ കോ-ഓർഡിനേറ്റർഴ്സ് ശ്രീമതി ബിന്ദു തോമസ്, ശ്രീമതി ബോബിനാ തോമസ് എന്നിവർ നേതൃത്വം നൽകി.

**കാരിത്താസ് ഇൻഡ്യ റീജണൽ അസംബ്ലി**

കാരിത്താസ് ഇൻഡ്യയുടെയും കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ജനുവരി 5, 6 തീയതികളിൽ അടിച്ചിറ ആമോസ് സെന്ററിൽ സംഘടിപ്പിച്ച കാരിത്താസ് ഇൻഡ്യ റീജണൽ അസംബ്ലിയിലും, രൂപതാ ഡയറകടർമാരുടെ മീറ്റിംഗിലും, ഡി.ആർ.ആർ., ആശാകിരണം പദ്ധതികളുടെ വിലയിരുത്തൽ മീറ്റംഗിലും ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ പങ്കെടുത്ത് റിപ്പോർട്ട് അവതരിപ്പിച്ചു.

**സുവർണ്ണ ജൂബിലി**

സന്യസ്ത ജീവിതത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന സി. ട്രീസാ SABS നെ ഫെബ്രുവരി 19 ന് ചാസ് കേന്ദ്ര ഓഫീസിൽ സംഘടിപ്പിച്ച ജൂബിലി മീറ്റിംഗിൽ ആദരിച്ചു. സഹായ മെത്രാൻ അഭിവന്ദ്യ മാർ തോമസ് തറയിൽ പൊന്നാടയണിയിച്ചു. വികാരി ജനറാൾ വെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ, ചാസിന്റെ മുൻ ഡയറക്ടർന്മാരായ റവ. ഫാ. ഗ്രിഗറി ഓണംകുളം, റവ. ഫാ. ജേക്കബ് കാട്ടടി, റവ. ഫാ. ജോസഫ് കളരിക്കൽ, ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർന്മാരായ ഫാ.




ജോർജ്ജ് മാന്തുരുത്തിൽ, ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ, അസി. പ്രോവിൻഷ്യാൾ സിസ്റ്റർ സോഫി റോസ് CMC എന്നിവർ ആശംസകൾ അർപ്പിച്ചു.

**മേഖലാ PME**

ചാസിന്റെ പ്രവർത്തനങ്ങൾ പ്രാദേശിക തലത്തിൽ എപ്രകാരം ഫലപ്രദമായി നടപ്പിലാക്കാമെന്നും ഒപ്പം പ്രവർത്തനങ്ങൾ വിലയിരുത്തി ഗതിനിയന്ത്രണം നടത്തി സമയബന്ധിതമായി നടപ്പിലാക്കുവാൻ മേഖലാ തലത്തിൽ PME സംഘടിപ്പിച്ചു. ചാസിന്റെ പ്രധാന പ്രവർത്തന മേഖലകളായ മൈക്രോ ക്രെഡിറ്റ് പ്രോഗ്രാം, സ്വാശ്രയസംഘം, പ്രാദേശിക സൊസൈറ്റി എന്നിവയുടെ നിയമാവലിയും മാർഗ്ഗരേഖയും കാലാനുസൃതമായി പരിഷ്ക്കരിക്കുവാൻ ഉതകുന്ന ചർച്ചകളും വിലയിരുത്തലുകളും മേഖലാ സമിതിയിൽ ചർച്ചയ്ക്ക് വിഷയീഭവിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ, പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യു എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി.



| *തീയതി* | *മേഖല* |
|---|---|
| മാർച്ച് 12 | എടത്വാ |
| മാർച്ച് 13 | തൃക്കൊടിത്താനം, കുറുമ്പനാടം |
| മാർച്ച് 15 | മണിമല, നെടുംകുന്നം |
| മാർച്ച് 22 | കോട്ടയം, അതിരമ്പുഴ |
| മാർച്ച് 24 | പുളിംകുന്ന്, ചങ്ങനാശ്ശേരി |
| മാർച്ച് 26 | ചമ്പക്കുളം, ആലപ്പുഴ |
| മാർച്ച് 27 | കുടമാളൂർ, തുരുത്തി |

**ക്രിസ്സ് സെന്ററിൽ ചാസ് കാർഷിക വിപണി**

മാമ്പുഴക്കരി ക്രിസ്സ് സെന്ററിൽ ചാസിന്റെ ആഭിമുഖ്യത്തിൽ, എല്ലാ വ്യാഴാഴ്ചകളിലും നടത്തപ്പെടുന്ന കാർഷിക വിപണിയുടെ ഉദ്ഘാടനം മാർച്ച് 10 ന് വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീ. പ്രമോദ് നിർവ്വഹിച്ചു. രാമങ്കരി ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി സൂര്യ ജിജിമോൻ ആശംസാ പ്രസംഗം നടത്തി. ചാസ് അസി. ഡയറക്ടർ ഫാ. ജോർജ്ജ് പനക്കേഴം അദ്ധ്യക്ഷത വഹി



ച്ചു. ചാസ് സോഷ്യൽ സയന്റിസ്റ്റ് ഡോ. ജോസഫ് എബ്രഹാം ആമുഖ പ്രസംഗം നടത്തി. കുട്ടനാട് മേഖലയിലുള്ള കർഷക കൂട്ടായ്മയുടെ നേതൃത്വത്തിൽ ഉല്പ്പാദിപ്പിക്കുന്ന പച്ചക്കറികളാണ് വിപണി വഴി ലഭ്യമാക്കുക. മേഖലാ കോ-ഓർഡിനേറ്റർമാരായ ശ്രീ. എൻ.ഐ. തോമസ്, ശ്രീ. ബിനു ജോസഫ്, ശ്രീ. ബൈജു സി സേവ്യർ, ശ്രീ. ഡി. ജോസഫ്, ശ്രീമതി ബിന്ദു തോമസ്, ശ്രീമതി ആൻസി ലോനിച്ചൻ എന്നിവർ വിപണിക്ക് നേതൃത്വം നൽകിവരുന്നു.

**ചാസ് ഖാദി ഗ്രാമവ്യവസായ മേഖല**

**റോട്ടറി ഓവൻ വെഞ്ചരിപ്പും ഉദ്ഘാടനവും**

ഖാദി അമ്മ ഫുഡ്സിൽ സ്ഥാപിച്ച പുതിയ റോട്ടറി ഓവൻ യൂണിറ്റിന്റെ വെഞ്ചരിപ്പും ഉദ്ഘാടനവും ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം നവംബർ 26 ന് നിർവഹിച്ചു. മല്ലപ്പള്ളി



പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ബീനാ ജോസഫ്, ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ജോർജ്ജ് മാന്തുരുത്തി, ശ്രീ. ജോൺ സക്കറിയാസ്, ശ്രീ. ജോബി മാത്യു, ശ്രീ. ജെയിംസ് ഡൊമിനിക്ക്, ശ്രീ. സഞ്ചൻ, ശ്രീ. അനീഷ് എന്നിവർ പങ്കെടുത്തു.

**എക്സ്പോ**

ചങ്ങനാശ്ശേരി എസ്.ബി. കോളേജ് ഇൻഡോർ സ്റ്റേഡിയത്തിൽ മാർച്ച് 7 മുതൽ 13 വരെ ചാസ് ദേശീയ ഖാദി എക്സ്പോ എക്സിബിഷൻ സംഘടിപ്പിച്ചു. ശ്രീ. കൊടിക്കുന്നിൽ സുരേഷ് എം.പി. ഉദ്ഘാടനം നിർവ്വഹിച്ചു. അതിരൂപതാ സഹായ മെത്രാൻ മാർ തോമസ് തറയിൽ അദ്ധ്യക്ഷത വഹിച്ചു. ശ്രീ. ജോബ് മൈക്കിൾ MLA, സംസ്ഥാന ഖാദി കമ്മീഷൻ ഡയറക്ടർ ശ്രീ. വി. രാധാകൃഷ്ണൻ, മുനിസിപ്പൽ ചെയർ പേഴ്സൺ ശ്രീമതി സന്ധ്യാ മനോജ്, ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ജോർജ്ജ് മാന്തുരുത്തിൽ, എസ്.ബി കോളേജ് പ്രിൻസിപ്പൽ റവ. ഫാ. റെജി പ്ലാത്തോട്ടം, ശ്രീ. തോമസ് സക്കറിയ, ശ്രീ. അഭിലാഷ് വർമ്മ, ശ്രീ. ഇ.എം. അലക്സ്, ശ്രീ. വി.ജെ. ലാലി, ഡോ. റൂബിൻ ഫിലിപ്പ്, ശ്രീമതി ബീനാ ജിജൻ, ശ്രീ. ജോൺ സക്കറിയാസ്, ശ്രീ. ജോസുകുട്ടി കുട്ടംപേരൂർ, ശ്രീ. സൈബി അക്കര, ശ്രീ. ജെയിംസ് ഡൊമിനിക്ക് എന്നിവർ പ്രസംഗിച്ചു. വിവിധ സംസ്ഥാനങ്ങളിലെ ഖാദി സ്ഥാപനങ്ങൾ, ചെറുകിട വ്യവസായ




ങ്ങൾ, ഗവൺമെന്റ് സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തം മേളയിൽ ഉണ്ടായിരുന്നു. എല്ലാദിവസവും വൈകുന്നേരം തെരഞ്ഞെടുക്കപ്പെട്ട കോളേജുകളിൽ നിന്നും കലാസന്ധ്യയും ഫ്യൂഷൻ പ്രോഗ്രാമുകളും ഉണ്ടായിരുന്നു.

## വളർത്തുകൂട്ടം പദ്ധതി

**(a) മുട്ടക്കോഴിയും കൂടും**

| | |
|---|---|
| * 24 കോഴിയും കൂടും –Bv380 *(മേൽക്കൂരയോടുകൂടിയത്)* | Rs. 17,000/- |
| * 24 കോഴിയും കൂടും *(മേൽക്കൂരയില്ലാതെ)* | Rs. 15,000/- |
| * 10 കോഴിയും കൂടും *(മേൽക്കൂരയുള്ളത്)* | Rs. 11,500/- |
| * 10 കോഴിയും കൂടും *(മേൽക്കൂരയില്ലാതെ)* | Rs. 10,000/- |
| * നാടൻ കോഴിക്കുള്ള കൂട് *(25 കുഞ്ഞുങ്ങൾക്കുള്ളത്)* | Rs. 11,500/- |
| * നാടൻ കോഴിക്കുള്ള കൂട് *(15 കുഞ്ഞുങ്ങൾക്കുള്ളത്)* | Rs. 10,500/- |

**(b) കോഴിക്കുഞ്ഞുങ്ങൾ**

| | |
|---|---|
| Bv380 ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞ് *(50 ദിവസം)* | Rs. 260/- |
| നാടൻ കോഴിക്കുഞ്ഞുങ്ങൾ *(50 ദിവസം)* | Rs. 160/- |

**(c) തെങ്ങിൻ തൈകൾ**

| *ഇനം* | *തുക* |
|---|---|
| 1. ഗംഗാബോണ്ടം *(തൈകൾ 10 എണ്ണത്തിനുമുകളിൽ)* | Rs. 350/- |
| 2. ഗംഗാബോണ്ടം *(തൈകൾ 10 എണ്ണത്തിൽ താഴെ)* | Rs. 370/- |
| 3. മലയൻഡ്വാർഫ് *(ഹൈബ്രിഡ്)* | Rs. 400/- |
| 4. മലയൻഡ്വാർഫ് | Rs. 180/- |
| 5. കുറ്റിയാടി | Rs. 150/- |

**ബന്ധപ്പെടേണ്ട നമ്പർ: 8138088730**

# ആശാകിരണം

## കാൻസർ ബോധവത്ക്കരണം

ആശാകിരണം- കാൻസർ ബോധവത്ക്കരണത്തിന്റെ ഭാഗമായി പാലിയേറ്റീവ് കെയർ ഹോം നഴ്സിംഗ് പരിശീലനാർത്ഥികൾക്ക് നവംബർ 10 ന് കാൻസർ ബോധവത്ക്കരണം ചാസ് കോൺഫ്രൻസ് ഹാളിൽ സംഘടിപ്പിച്ചു. കാരിത്താസ് ഇൻഡ്യ കേരള സ്റ്റേറ്റ് കോ-




ഓർഡിനേറ്റർ ശ്രീമതി സിബി പൗലോസ് ക്ലാസിന് നേതൃത്വം നൽകി. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവഹിച്ചു. പ്രോജക്ട് കോ-ഓർഡിനേറ്റർ ശ്രീമതി ഷീബ സന്തോഷ് നേതൃത്വം നൽകി. 30 വനിതകൾ പങ്കെടുത്തു.

ആശാകിരണം കാൻസർ സുരക്ഷാ പദ്ധതിയുടെ ഭാഗമായി ഡിസംബർ 15 ന് കാസർഗോഡ് അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി



യിലെ വിദ്യാർത്ഥികൾക്ക് 'കാൻസർ തിരച്ചറിഞ്ഞ് തിരിച്ചുവരാം' എന്ന വിഷയത്തിൽ കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു തോമസ് ക്ലാസ് നയിച്ചു. പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യു, ആശാ കിരണം കോ-ഓർഡിനേറ്റർ ശ്രീമതി ഷീബ സന്തോഷ് എന്നിവർ പ്രസംഗിച്ചു.

ലോക കാൻസർ ദിനാചരണത്തോടനുബന്ധിച്ച് ചാസ്-ആശാകിരണം പദ്ധതിയുടെ ഭാഗമായി ഫെബ്രുവരി 3 ന് വെബ്ബിനാർ സംഘടിപ്പിച്ചു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റൽ ക്ലിനിക്കൽ ഓങ്കോളജിസ്റ്റ് ഡോ. വർഗീസ് ആന്റണി "കാൻസർ രോഗവും ചികിത്സാ രീതികളും" എന്നവിഷയത്തിലും ഡോ. പി.സി. ഷാഹൂൽ അമീൻ (സൈക്കാട്രിസ്റ്റ്) "മദ്യം-മയക്കുമരുന്ന് ഉപയോഗവും കാൻസറും" എന്നവിഷയത്തിലും ക്ലാസ് നയിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ എന്നിവർ പ്രസംഗിച്ചു. ചാസിന്റെ വിവിധ മേഖലകളിൽ നിന്നും 150 അംഗങ്ങൾ പങ്കെടുത്തു.

ആശാകിരണം കാൻസർ സുരക്ഷാ യജ്ഞത്തിന്റെ ഭാഗമായി ളായിക്കാട് യൂണിറ്റിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘ ലീഡേഴ്സിനായി നവംബർ 6 ന് 'ബ്രസ്റ്റ് കാൻസർ അറിയേണ്ടതെല്ലാം' എന്ന വിഷയത്തിൽ ക്ലാസ് സംഘടിപ്പിച്ചു. ശ്രീമതി റീത്താമ്മ ജോസഫ് ക്ലാസ് നയിച്ചു. 15 അംഗങ്ങൾ പങ്കെടുത്തു.

ചാസ് ഖാദി എക്സ്പോയോടനുബന്ധിച്ച് എസ്.ബി കോളേജ് ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് മാർച്ച് 10 ന് കാൻസർ ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. ചാസ് അസി. ഡയറക്ടർ റവ. ഫാ. ജോർജ്ജ് പനക്കേഴം അദ്ധ്യക്ഷത വഹിച്ചു. ഡോ. അഭിരാമി പ്രകാശ് (സെന്റ് തോമസ് ഹോസ്പിറ്റൽ, ചെത്തിപ്പുഴ) ഉദ്ഘാടനം നിർവ്വഹിച്ചു. 'കാൻസർ രോഗവും ചികിത്സാ രീതിയും' എന്ന



വിഷയത്തെ ആസ്പദമാക്കി ഡോ. ഷാഹുൽ അമീൻ (സെന്റ് തോമസ് ഹോസ്പിറ്റൽ ചെത്തിപ്പുഴ) ക്ലാസ് നയിച്ചു. കാൻസർ രോഗത്തെ അതിജീവിച്ച ശ്രീമതി ഡെയ്സി തോമസ് ഏറത്തേടത്ത്, വള്ളംചിറ തന്റെ ജീവിതാനുഭവം പങ്കുവച്ചു. ആശാകിരണം പ്രോജക്ട് കോ-ഓർഡിനേറ്റർ ശ്രീമതി ഷീബ സന്തോഷ്, SLCA ഫീൽഡ് ഓഫീസർ ശ്രീ. റ്റി.എം. മാത്യു, മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു തോമസ് എന്നിവർ പ്രസംഗിച്ചു.

**ആശാകിരണം പദ്ധതി**

ചാസ് കാരിത്താസ് ഇൻഡ്യയുമായി സഹകരിച്ച് നടപ്പിലാക്കിവരുന്ന ആശാകിരണം കാൻസർ സുരക്ഷാ പദ്ധതിയുടെ വിലയിരുത്തൽ ഡിസംബർ 10 ന് എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ വച്ച് സംഘടിപ്പിച്ചു. ചാസിനെ പ്രതിനിധീകരിച്ച് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, ആശാകിരണം കോ-ഓർഡിനേറ്റർ ശ്രീമതി ഷീബ സന്തോഷ്, മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു സാബു എന്നിവർ പങ്കെടുത്തു. ചാസിന്റെ പ്രവർത്തന മേഖലയിലെ മികച്ച സന്നദ്ധപ്രവർത്തകയായി മണിമല ന്യൂ യൂണിറ്റിലെ ശ്രീമതി രമാദേവിയെ തെരഞ്ഞെടുത്തു.

**COPTAC**

**തയ്യൽ പരിശീലനം**

* വനിതകൾക്ക് മൂന്നുമാസം നീണ്ടുനിൽക്കുന്ന തയ്യൽ പരിശീലനം.
* എംബ്രോയിഡറി പരിശീലനം.
* താൽപര്യമുള്ള ഇനങ്ങൾ മാത്രം പഠിക്കാൻ അവസരം.



**മാമ്മോദീസാസെറ്റ്**

ആൺകുട്ടികൾക്കും
പെൺകുട്ടികൾക്കും
മിതമായ നിരക്കിൽ

**Ph: 0481- 2400085**
**9995510085**

# ചാസ് പ്രോജക്ട് വാർത്തകൾ

## 01. CHASS-JAL JEEVAN MISION
## (ജൽ ജീവൻ പദ്ധതി)

### എല്ലാ വീടുകളിലും കുടിവെള്ളപദ്ധതി

ജൽ ജീവൻ മിഷൻ - കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, ഗുണഭോക്താക്കൾ എന്നിവരുടെ സംയുക്ത സഹായസഹകരണത്തോടുകൂടി നടപ്പിലാക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതിയിൽ കോട്ടയം ജില്ലയിൽ വാഴപ്പള്ളി, മാടപ്പള്ളി പഞ്ചായത്തുകളിലും ആലപ്പുഴ ജില്ലയിൽ നെടുമുടി, ചമ്പക്കുളം പഞ്ചായത്തുകളിലും പദ്ധതി നടത്തിപ്പിനായി നിർവ്വഹണസഹായ ഏജൻസിയായി ചാസിനെ തെരഞ്ഞെടുത്തു. 2024 ലോടു കൂടി 'എല്ലാ വീടുകളിലും കുടിവെള്ളം' ആളോഹരി 55 ലിറ്റർ എന്ന അളവിൽ പൈപ്പിലൂടെ ശുദ്ധജലം എത്തിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. നംവംബർ 1-ാം തീയതി തിരുവനന്തപുരത്ത് കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ, ഗതാഗത വകുപ്പ് മന്ത്രി ശ്രീ. ആന്റണി രാജു എന്നിവർ പ്രസംഗിച്ചു. ചാസിനെ പ്രതിനിധീകരിച്ച് അസി. ഡയറക്ടർ ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ, പ്രോജക്ട് കോ-ഓർഡിനേറ്റർ ശ്രീ. ബൈജു സി. സേവ്യർ എന്നിവർ പങ്കെടുത്തു.

### ജലദിനം-സംസ്ഥാനതല ഉദ്ഘാടനം

ലോക ജലദിനാചരണത്തിന്റെ ഭാഗമായി കേരള സംസ്ഥാന തലത്തിൽ തിരുവനന്തപുരത്ത് മാർച്ച് 21, 22 തീയതികളിൽ സംഘടിപ്പിച്ച ജലദിനാചരണ പരിപാടിയിൽ ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ പങ്കെടുത്തു. 21 ന് രക്തസാക്ഷി മണ്ഢപത്തിൽ നിന്നും സെക്രട്ടറിയേറ്റിലേയ്ക്ക് നടത്തിയ ജലദിന വിളമ്പര റാലിയിൽ മണിമലയാറിൽ നിന്നും ശേഖരിച്ച ജലവുമായി ചാസ് ഡയറക്ടർ പങ്കെടുത്തു.

### പ്രാഥമിക ബോധവത്ക്കരണ ശില്പശാല

ചമ്പക്കുളം: കേന്ദ്ര-സംസ്ഥാന സർക്കാർ, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, ഗുണഭോക്താക്കൾ എന്നിവരുടെ സംയുക്ത സഹകരണത്തോടെ എല്ലാ ഭവനങ്ങളിലും പൈപ്പിലൂടെ ശുദ്ധജ

ലം എത്തിക്കുക എന്ന ലക്ഷ്യത്തോടെ ചമ്പക്കുളം ഗ്രാമപഞ്ചായത്തിൽ ആരംഭിക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി സാമൂഹിക പ്രവർത്തകർക്കും, ജനപ്രതിനിധികൾക്കും വേണ്ടി പ്രാഥമിക ബോധവത്ക്കരണ ശില്പശാല സംഘടിപ്പിച്ചു. തെക്കേക്കര സെന്റ് ജോൺസ് പാരീഷ്ഹാളിൽ വച്ചു ഫെബ്രുവരി 25 ന് നടത്തിയ ശില്പശാലയിൽ നിർവ്വഹണ സഹായ ഏജൻസിയായ ചാസിന്റെ അസി. ഡയറക്ടർ ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി റ്റി. ജി. ജലജകുമാരി ഉദ്ഘാടനം ചെയ്ത ശില്പ ശാലയിൽ അസി. എക്സിക്യൂട്ടീവ് എൻജിനീയർ ശ്രീമതി ഇന്ദു പി നാഥ് പദ്ധതി വിശദീകരണം നടത്തി. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. അഗസ്റ്റിൻ ജോസഫ്, സെക്രട്ടറി കെ. സുജാത എന്നിവർ ആശംസകൾ അർപ്പിച്ചു. നിർവ്വഹണ സഹായ ഏജൻസിയുടെ പ്രവർത്തനങ്ങൾ എങ്ങനെയെന്ന് ISA പ്ളാറ്റ് ഫോം വൈസ് ചെയർമാൻ ശ്രീ. ഡാന്റിസ് കൂനാനിക്കൽ ശിൽപ ശാലയിൽ പ്രതിപാദിച്ചു. JJM ISA കോ-ഓർഡിനേറ്റർന്മായ ശ്രീ. ബൈജു സി. സേവ്യർ സ്വാഗതവും, ശ്രീ. ബിനു ജോസഫ് നന്ദിയും രേഖപ്പെടുത്തി. തുടർന്നു വരുന്ന മാസങ്ങളിൽ വാർഡ് തലത്തിൽ നടപ്പിലാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ ചർച്ച ചെയ്തു. ശിൽപശാലയിൽ 52 അംഗങ്ങൾ പങ്കെടുത്തു.

**നെടുമുടി:** ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വച്ചു ഫെബ്രുവരി 28 ന് നടത്തിയ ശിൽപ ശാലയിൽ നിർവഹണ സഹായ ഏജൻസിയായ ചാസിന്റെ അസി. ഡയറക്ടർ ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മിനി മന്മഥൻ നായർ ഉദ്ഘാടനം ചെയ്ത ശില്പശാലയിൽ അസി. എൻജിനീയർ, KWA ശ്രീ. അരുൺ കുര്യൻ പദ്ധതി വിശദീകരണം നടത്തി. വൈസ് പ്രസിഡന്റ് ശ്രീ. വർഗീസ് ജോസഫ് വല്ല്യാക്കൽ, അസി. സെക്രട്ടറി ശ്രീമതി ലീനാമോൾ എൻ.സി. എന്നിവർ ആശംസകൾ അർപ്പിച്ചു. സഹായ ഏജൻസിയുടെ പ്രവർത്തനങ്ങൾ എങ്ങനെയെന്ന് ISA-ടീം ലീഡർ ശ്രീ. വർക്കി പി. ജെ. ശിൽപ ശാലയിൽ പ്രതിപാദിച്ചു. JJM ISA കോ-ഓർഡിനേറ്റർന്മാരയ ശ്രീ. ബൈജു സി. സേവ്യർ സ്വാഗതവും, ശ്രീ. ബിനു ജോസഫ് നന്ദിയും രേഖപ്പെടുത്തി. തുടർന്നു വരുന്ന മാസങ്ങളിൽ വാർഡ് തലത്തിൽ നടപ്പിലാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ ചർച്ച ചെയ്തു. ശിൽപ ശാലയിൽ 71 അംഗങ്ങൾ പങ്കെടുത്തു.

**ലോക-ജലദിനാചരണം**

